പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6253

02/04/2018 ൽ മറുപടിക്ക്

**കാപ്പിൽ ക്ഷേത്രത്തിന്റെ നീരാട്ടുകടവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. ജോയി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വത്തിന് കീഴിൽ വർക്കല ഗ്രൂപ്പിൽപ്പെട്ട കാപ്പിൽ ശിവക്ഷേത്രത്തിന്റെയും ഭഗവതി ക്ഷേത്രത്തിന്റെയും നീരാട്ടുകടവ് ഇടിഞ്ഞ് കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കടവിന്റെ പടികൾ കെട്ടി സുരക്ഷിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പ്രസ്തുത കടവിന്റെ പടികൾ കെട്ടി സുരക്ഷിതമാക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ്സ് ലഭിക്കുന്ന മുറക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ശിവക്ഷേത്രത്തിന്റെ പടിഞ്ഞാറും വടക്കും യഥാക്രമം 40, 41 മീറ്റർ നീളത്തിലും വീതിയിലും ചുമര് നിർമ്മിക്കുവാൻ 9/11/2006-ൽ റ്റി.173/06-07 പ്രകാരം ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാറുകാർ മുന്നോട്ട് വരാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | ദേവസ്വം കുളവും കാവും സംരക്ഷിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കാപ്പിൽ ക്ഷേത്രക്കുളവും കാവും സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (സി) | പ്രൊപ്പോസൽ ലഭിക്കുന്ന മുറക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ക്ഷേത്രത്തിന്റെ വടക്കുഭാഗം ഉറസ്സായതിനാൽ മതിൽ നിർമ്മിക്കുന്നതിന് എന്തെങ്കിലും കോടതി നിർദ്ദേശം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (ഡി) | കോടതിയിൽ നിന്നും നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. |
| (ഇ) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ROC 2526/01/എം. തീയതി 14/06/11 നമ്പർ പ്രകാരം സെക്രട്ടറി ചീഫ് എഞ്ചിനീയർക്ക് നല്കിയ കത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ഇ) | പ്രസ്തുത ഉത്തരവ് പ്രകാരം kappil sivannada devaswom closing leakages to sivannada, krishnan nada and repairs to nalambalam എന്ന വർക്കിന് 4,71,000/- രൂപയുടെ എസ്റ്റിമേറ്റ് അനുവദിച്ച് 30/03/2016 ൽ പണി പൂർത്തീകരിച്ചുവെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ